	ജില്ലാ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമ പഞ്ചായത്ത്
ജനറൽ പർപ്പസ് ഫണ്ട്	225750042	319199544	5393476503
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	690656400	482952600	2526408900
മെയിന്റനൻസ് ഫണ്ട് (റോഡ്)	1905196500	...	5687940600
വികസന ഫണ്ട്	8360795000	4346917400	11202161500
ആകെ	11182397942	5149069544	24809987503

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി അടങ്കൽ തുകയിൽ 2013-14, 2014-2015 സാമ്പത്തിക വർഷങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ്

367 (1811) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വർഷം എത്ര വീതം പെർഫോമൻസ് ഓഡിറ്റ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ കൊല്ലത്തിൽ നാല് പ്രാവശ്യവും മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ കൊല്ലത്തിൽ രണ്ട് പ്രാവശ്യവും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ ഓഡിറ്റ് നടത്തുന്നതിന് വീഴ്ച വരുത്തിയതിന് ബന്ധപ്പെട്ട വിഭാഗത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ ത്രൈമാസികമായും, മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അർദ്ധവാർഷികമായുമാണ് പെർഫോമൻസ് ഓഡിറ്റ് നടത്തി വരുന്നത്.

(ബി) ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും ക്രമപ്രകാരം, നിശ്ചിത ഇടവേളകളിൽ തന്നെ പെർഫോർമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട്. എന്നാൽ നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റ് വാർഷികാടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നു വരുന്നത്. കൂടാതെ ചില നഗരസഭകളിൽ പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.)* മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി, നഗരസഭകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനു മാത്രമായി ഒരു ഉദ്യോഗസ്ഥ സംവിധാനം ഇല്ല. നഗരകാര്യ വകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടറുടെ കീഴിൽ, മറ്റു ജോലികൾ നിർവ്വഹിക്കുന്നതിനോടൊപ്പമാണ്, നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റും നടത്തിവരുന്നത്. ഉദ്യോഗസ്ഥരുടെ അനുദിന ഉത്തരവാദിത്തങ്ങൾക്ക് പുറമേ നിർവ്വഹിക്കേണ്ടിവരുന്ന ജോലിയായതുകൊണ്ടാണ് പലപ്പോഴും പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയാകുന്നത്.

(സി) അനുദിന ഉത്തരവാദിത്തങ്ങൾക്കു പുറമെ ചെയ്യുന്ന ജോലിയായതിനാലും, ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതിനാലും, മനപൂർവ്വമല്ലാത്ത കാരണങ്ങളാലുണ്ടാകുന്ന കാലതാമസമായതിനാലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ, നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതി

368 (1812) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly